"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ജീവനക്കാര്യം -ശ്രീമതി. സുജ മത്തായിയുടെ സീനിയർ ടൗൺ പ്ലാനർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2137/2025/LSGD തീയതി,തിരുവനന്തപുരം, 29-08-2025

---

പരാമർശം:-

1. GO(Rt) No. 2287/2024/LSGD തീയതി 25.11.2024
2. അക്കൗണ്ടന്റ് ജനറലിന്റെ 14.07.2025 തീയതിയിലെ GE 19/B/102125/TPS-43/102382/308 നമ്പർ കത്ത്
3. KRERA സെക്രട്ടറിയുടെ 18/7/2025 തീയതിയിലെ 600/53/2022/KRERA നമ്പർ കത്ത്
4. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 03.08.2025 തീയതിയിലെ LSGD/PD/20709/2025-DEH5 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ പരാമർശം(1) പ്രകാരം സീനിയർ ടൗൺപ്ലാനറായി സ്ഥാനക്കയറ്റം ലഭിക്കുകയും 28.11.2024 പൂർവാഹ്നം മുതൽ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ശ്രീമതി. സുജ മത്തായി (പെൻ: 377649)-യുടെ സീനിയർ ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

പ്രൊബോഷനെ ബാധിക്കുന്ന തരത്തിൽ ടിയാൾ 33 ദിവസത്തെ അവധി വിനിയോഗിച്ചിട്ടുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം(2) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാളുടെ സ്വഭാവവും ജോലിയും തൃപ്തികരമാണെന്നും, ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടിയോ, വിജിലൻസ് കേസുകളോ നിലവിൽ ഇല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ 28.11.2024-ന് സീനിയർ ടൗൺപ്ലാനർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. സുജ മത്തായി (പെൻ: 377649)-യുടെ ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം

03.07.2025 പൂർവാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ശ്രീമതി. സുജ മത്തായി , സീനിയർ ടൗൺ പ്ലാനർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം ( പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
5. സെക്രട്ടറി, കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, കേശവദാസപുരം, തിരുവനന്തപുരം
6. വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 30-08-2025 09:53:05